വാല്യം 1 ലക്കം 1

ചിങ്ങം 1171

# താളിയോല

കന്നിപ്പതിപ്പ്



ബിനി പങ്കജാക്ഷൻ

## എല്ലാവർക്കും താളിയോലയുടെ ഓണാശംസകൾ!!

താളുകളിലൂടെ....................

മുഖവുര..................................2
യാത്ര......................................3
മാവേലിയുടെ പുനരവതാരം
ജപ്പാനിലോ?............................4
മുഖാമുഖം...............................8
നിപ്പോൺ, നിഹോൺ,
ജപ്പാൻ, ഓണം...............................10
തിരിഞ്ഞുനോക്കുമ്പോൾ................11
വാചകം.......................................11
നാട്ടുവിശേഷങ്ങൾ........................12

# മുഖവുര

വാക്കുകൾ ശലഭങ്ങളാണ് - ആശയത്തിൻെറ സമാധി ദശയിൽനിന്ന് അവ ചിറകു വിരുത്തി പറന്നിറങ്ങുമ്പോഴാണ് വ്യക്തി സമഷ്ടിയിലേക്ക് പരിണമിക്കുന്നത്. സമാനമായ മാനസിക വ്യാപാരങ്ങൾ പകിടാനുള്ള ആഗ്രഹമാണ് സംവേദനത്തിനു പിന്നിലെ ശക്തി.

മലയാള ഭാഷയിൽനിന്നും സംസ്കാരത്തിൽനിന്നുമുള്ള ദൂരം സൃഷ്ടിക്കുന്ന ഗൃഹാതുരത്വമാണല്ലോ മറുനാടൻ മലയാളികളുടെ പൊതു സ്വഭാവം. അങ്ങനെ ഇവരുടെയിടയിൽ മലയാളം ആശയവിനിമയത്തിനുള്ള ഉപാധി എന്നതിലുപരി അതിൻെറ പ്രാഥമിക കാരണം കൂടിയാണ്. ഇതേപോലെ, ഓണം, പൂരം, കഥകളി എന്നിവയും മറുനാടൻ മലയാളികൾക്ക് സാംസ്കാരിക സംവേദനത്തിൻെറ മാധ്യമങ്ങളായിത്തീരുന്നു. നാട്ടിൽ "ഓരോ വട്ടവുമോണക്കളിയുടെ താളമയഞ്ഞു വരുമ്പോഴും" സുരേഷ്സാൻ പറയുന്നതുപോലെ നമ്മുടെ ഓണം ഓരോ വർഷവും ഗംഭീരമാകുന്നതിൻെറ കാരണവും മറ്റൊന്നല്ല.

ഷിൻസോ മിയവാകി എന്ന ജാപ്പനീസ് എഴുത്തുകാരൻെറ "ഇന്ത്യൻ റെയിൽ യാത്ര" എന്ന യാത്രാ വിവരണത്തിൽ കേരളത്തിൽ ആദ്യമായി എത്തിയതിനെക്കുറിച്ച് വിവരിക്കുന്നഭാഗത്തിൽ അദ്ദേഹം പറയുന്നു - "റെയിൽവെ സ്റ്റേഷനിലെ ബോർഡിൽ, സർപ്പം ചുരുണ്ടു കിടക്കുന്നതുപോലെയുള്ള അക്ഷരങ്ങൾ. അധികനേരം നോക്കിനിന്നാൽ തല ചുറ്റുമോ എന്ന് ഭയന്ന് കണ്ണുകളെടുത്തു. അതെന്താണെന്ന് അന്വേഷിച്ചപ്പോൾ സുഹൃത്ത്, മലയാള ലിപിയാണെന്നു പറഞ്ഞു".

ഈ തലചുറ്റലുണ്ടാക്കുന്ന അക്ഷരങ്ങൾ കംപ്യൂട്ടർ മുദ്രണത്തിൽ പതിഞ്ഞു കണ്ടപ്പോഴാണ്, ഒരു മലയാള വാർത്താ പത്രിക എന്ന ആശയം (തമാശയായി) ഉണ്ടായത് എന്ന് പറയാം. പിന്നെ സമാന ചിന്താഗതിക്കാർ ഉണ്ടെന്നറിഞ്ഞപ്പോൾ കളി കാര്യമായി. ഒരു പേരു തേടി നടന്ന രണ്ടുപേർക്കും ഏകദേശം ഒരേപേരു തോന്നുക എന്ന നല്ല ശകുനം കൂടിയായപ്പോൾ കന്നിപ്പതിപ്പ് ഓണപ്പതിപ്പാക്കണമെന്നായി. ഇത്രയും 'താളിയോല' യുടെ ജനന മാഹാത്മ്യം.

താളിയോലയെ ഒരു സാഹിത്യ സംരംഭമെന്നതിലുപരി ഒരു സംവേദന മാധ്യമമായി കാണുന്നതാണ് കൂടുതൽ ശരിയെന്നു തോന്നുന്നു. കടലുകൾക്കപ്പുറം, പർവതങ്ങൾക്കും സമുദ്രത്തിനുമിടയിൽ കിടക്കുന്ന ഒരു ഹരിത ഭൂമിയിൽനിന്ന്, കടലിലെ കാൽപാടുകൾ പോലെ ചിതറിക്കിടക്കുന്ന ഈ അത്ഭുത ദ്വീപിലേക്ക് പറിച്ചു നടപ്പെട്ടവരുടെ (ഇതിൽ, ഇവിടെനിന്നും മടങ്ങിപ്പോയ "പൂർവ വിദ്യാർത്ഥികളും" പെടുന്നു.) വികാരവിചാരങ്ങളാണ് ഇതിൽ മഷി പുരട്ടുന്നത്. അതുകൊണ്ടുതന്നെ, ഇതിൻെറ വിഭവങ്ങളും 'പാചക ക്രമവും' എല്ലാം തന്നെ ഇവരുടെയെല്ലാം രുചികളിൽ നിന്ന് ഉരുത്തിരിഞ്ഞു വരേണ്ടതാണ്. ഇവിടെ വായനക്കാരുടെ അഭിപ്രായങ്ങളും വിമർശനങ്ങളും കൃതികളോടൊപ്പംതന്നെ പ്രധാനമാകുന്നു.

ഈ പതിപ്പിലെ വിഭവങ്ങളെക്കുറിച്ച് ഇവിടെ പറയുന്നത് പ്രസിദ്ധമായ ഒരു പഴഞ്ചൊല്ലിൽ പറയുന്നതുപോലെ ആയിത്തീരുമെന്നു തോന്നുന്നതിനാൽ അതിനു മുതിരുന്നില്ല. ഒരു കാര്യം മാത്രം - ഇതിൻെറ ഇനിയങ്ങോട്ടുള്ള വളർച്ചയ്ക്ക് ചൂടും വെള്ളവുമാകുന്നത് എല്ലാവരുടേയും വിമർശനങ്ങളും നിർദ്ദേശങ്ങളുമാണ് - തപാൽ, ഫാക്സ്, ഇ-മെയിൽ, ടെലിഫോൺ - ഏതു വഴിയ്ക്കായാലും.

അവസാനമായി രണ്ടു വരി കൂടി. ഈ പത്രികയെന്ന ആശയത്തെ ആദ്യംമുതൽ പ്രോത്സാഹിപ്പിച്ച മണിസാനോടുള്ള നന്ദി ഇവിടെ കുറിയ്ക്കട്ടെ. ഉത്സാഹത്തോടെ കൃതികളയച്ചുതന്ന മൈക്കിളിനും

ബാബുക്കുട്ടിക്കും റഹിമിനും ജയ്നിക്കും, വാർത്താശകലങ്ങൾ അയച്ചു തന്ന തോമസ്സാറിനും, മടക്കയാത്രയുടെ തിരക്കിലും നമ്മളോട് പലതിനെക്കുറിച്ചും ദീർഘനേരം കലവറയില്ലാതെ സംസാരിച്ച പ്രൊഫ. നാരായണനും, താളിയോലയ്ക്കു മുഖം വെച്ച ബിനിക്കും അകമഴിഞ്ഞ നന്ദി. ഒടുവിൽ, ഈ സംരംഭത്തിന്റെ പിന്നിലെ പ്രധാന പ്രചോദനവും എല്ലാ ആശയങ്ങളുടെയും ആസൂത്രകരുമായ സുരേഷ്സാറിനും രമണിചേച്ചിയ്ക്കും നന്ദി പറയുന്നത് അനാദരവാവുമെന്നതിനാൽ ഇത്ര മാത്രം.

ഇനി താളിയോല നിങ്ങളുടെ കൈകളിൽ സമർപ്പിക്കട്ടെ.

- ശങ്കരനാരായണൻ

## യാത്ര

മൈക്കൾ ചാണ്ടി

കുളക്കരയിലെ കല്ലിൽ നിശ്ശബ്ദനായിരിക്കുന്ന പുരുഷൻ അനന്തതയിലേക്ക് ദൃഷ്ടി തിരിച്ച് ധ്യാനത്തിലാണ്. കൂടുകളിലേക്ക് മടങ്ങുന്ന പക്ഷികൾ, അകലെ അസ്തമയ ച്ഛുമപ്പിൽ നിഴലുകളെപ്പോലെ. കൂടു നഷ്ടപ്പെട്ട പുരുഷൻ, ഇളം കാറ്റ് ശാന്തമായി തലോടുന്ന ആ ജലനിരപ്പിൽ ആ മുഖം തിരയുകയായിരുന്നു. ചലനത്തിൽ അവ്യക്തമാകുന്ന ആ മുഖത്തിന്റെ സൗന്ദര്യമാണ് മനസ്സ് നിറയെ. ആർദ്രമായ കൺപീലികൾക്കിടയിൽ ഏകാഗ്രത നിറയുന്ന ആ മുഖം.

ഒരു പുലരിയിൽ കുളിച്ചൊരുങ്ങി ഭൂമിദേവിയെ പാദസ്പർശങ്ങൾകൊണ്ട് ആനന്ദിപ്പിച്ച് അമൃതുമായി തന്നിലേക്ക് നടന്നു വന്ന അവളിൽ പൂർണ്ണതയിൽ ലയിച്ച പുരുഷൻ ഇതാ വീണ്ടും ആ മുഖം തിരയുന്നു. ആ മുഖം മാത്രം തിരയുന്നു.

അവളുടെ സമസ്ത സൗന്ദര്യത്തിന്റെ ശിഖരങ്ങളിൽ തപസ്സനുഷ്ഠിച്ച പുരുഷൻ സ്വന്തം അസ്തിത്വത്തെ ത്യജിച്ചു.

കാലചക്രത്തിന്റെ ഭ്രമണത്തിൽ പുരുഷന് സ്വന്തം അസ്തിത്വം അന്യമായി - കൂടെ അവളുടെ മുഖവും. ആ മുഖം തേടിയ അയാൾ വേറെ എത്ര മുഖങ്ങൾ കണ്ടു! ദേവതകൾ, ദാസികൾ, രാക്ഷസികൾ, യക്ഷികൾ: രൂപങ്ങളും ഭാവങ്ങളും മാറി മറയുമ്പോഴും അവ്യക്തമായ ആ മുഖം ദൃശ്യമായില്ല. പക്ഷെ, വിശ്വപ്രക്രിയകളുടെ വർണ്ണങ്ങൾ കണ്ട് അയാൾ ആശ്ചര്യപ്പെട്ടു. സ്വന്തം അന്തരംഗത്തിന്റെ നിലയില്ലാത്ത ആഴത്തിലേയ്ക്ക് നോക്കി അയാൾ ഭയവിഹ്വലനായി.

തേജസ്സുറ്റ ആ മുഖത്തിന്റെ ആർജ്ജവം പുരുഷന്റെ പ്രതിഷ്ഠയായി. ആ മുഖം അയാളിലെ ജീവന്റെ തുടിപ്പായി. യഥാർത്ഥ ലോകത്തിന്റെ ജൽപനങ്ങളുടെ അലകളിൽ അപ്രത്യക്ഷമാകുന്ന ആ മുഖം അയാളിൽ വ്യാകുലതയുടെ അഗ്നിയുണർത്തി. ആളിക്കത്തുന്ന ആ ചുടലയിലെ ജ്വാലകൾ അയാളുടെയുള്ളിൽ വൈരൂപ്യങ്ങൾ ഉണർത്തി. ആ മുഖമെന്ന ഭാണ്ഡമിറക്കി, തിരകളെ മറികടന്ന് ആഴങ്ങളിലേയ്ക്കിറങ്ങുവാൻ അയാൾ മോഹിച്ചു.

പക്ഷെ, ഒരിക്കൽ അനന്തതയിൽ അവളുമായി മുഖാമുഖമിരുന്ന പുരുഷൻ ഈ അന്വേഷണം തന്റെ നിയോഗമാണെന്നറിഞ്ഞു. അയാൾ അഹസ്സിനുനേരെ നടന്നു. ആ മുഖ ദർശനം മാത്രമാണ് ലക്ഷ്യം. മാർഗം അയാൾക്ക് നിശ്ചയമില്ല. പക്ഷെ, ആ മുഖശ്രീ അയാൾക്കു വഴികാട്ടിയായി.

അയാൾ യാത്രയായി.

വഴിവിളക്കുകൾ പകൽ മുഴുവനും കത്തുന്നു എന്ന് പരാതി.

കറന്റു കട്ട് രാത്രിയിലായതുകൊണ്ടായിരിക്കും

രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന പലരും നികുതി നൽകുന്നില്ലെന്നു എം.പി. പാർലമെന്റിൽ.

അപ്പോ രാഷ്ട്രീയക്കാർ സത്യവും പറയും

# മാവേലിയുടെ പുനരവതാരം ജപ്പാനിലോ?

ബാബുക്കുട്ടി. വൈ
നായർ, സുകുബ

പൊന്നിൻ ചിങ്ങമാസത്തിലെ പൊന്നോണ നാളിനെ വരവേൽക്കാനായി മലയാളികൾ ഒരിക്കൽക്കൂടി 'കൊമസാവ' മൈതാനത്തിൽ രാവിലെ മുതൽ എത്തിച്ചേർന്നുകൊണ്ടിരുന്നു. ഓണാശംസകളും ഓണപ്പൂഞ്ചിരിയും (കൂട്ടത്തിൽ പൊട്ടിച്ചിരികളും) സമ്മാനിച്ചുകൊണ്ട് എല്ലാവരും ഓടി നടന്ന് കുശലാന്വേഷണങ്ങളിൽ ഏർപ്പെടുന്നു. പുതുതായി എത്തിയവർ എല്ലാവരേയും പരിചയപ്പെടുന്നതിന്റേയും, നേരത്തേയുള്ളവർ പരിചയം പുതുക്കുന്നതിന്റേയും തിരക്കിലായിരുന്നു. ആൾക്കൂട്ടത്തിൽ നിന്നും അധികം അകലെയല്ലാതെ കൈകൊട്ടിക്കളി, ഓണപ്പാട്ട് തുടങ്ങിയവയുടെ പരിശീലനവും നടന്നുകൊണ്ടിരുന്നു. ഓണപ്പൂക്കളവും അവസാന മിനുക്കുപണിയിലായിരുന്നു. ഓണസ്സദ്യയുടെ ഹാർദ്ദമായ മണം കൂടിയായപ്പോൾ മലയാള നാട്ടിൽപ്പോലും കാണാൻ കഴിയാത്ത ഓണ ലഹരിയിലായിരുന്നു എല്ലാവരും എന്നു പറയാം.

വളരെ നാളുകൾക്കുശേഷം കണ്ടുമുട്ടുന്ന സുഹൃത്തുക്കളുമൊത്ത് കുട്ടികൾ അവിടെയാകെ ഓടി നടന്ന് ശബ്ദായമാനമാക്കി. ഗാന പരിശീലന സംഘത്തിന്റെ ഓണപ്പാട്ടുകൾ ക്രമേണ അന്തരീക്ഷത്തിൽ അലയടിച്ചുയരുന്നു. ആ പാട്ടുകൾ കേട്ടപ്പോൾ അവിടെക്കൂടിയിരുന്ന പലർക്കുമെന്നപോലെ കുട്ടികൾക്കും ചില സംശയങ്ങൾ! "എന്താണ് ഈ ഓണം"? "ആരാണ് ഈ മാവേലി"? "ജപ്പാനിൽ ഓണത്തിനെന്തു പ്രസക്തി"? കൂട്ടത്തിൽ അൽപം മുതിർന്ന ഒരു കുട്ടി ഓടിവന്ന് തന്റെ അച്ഛനോട് ആരാഞ്ഞു : എന്താണ് ഓണം? ആരാണ് മാവേലി? ജപ്പാനിൽ ഓണം എങ്ങിനെയുണ്ടായി? ചോദ്യങ്ങളെല്ലാം ഒറ്റ ശ്വാസത്തിൽ ചോദിച്ച് തീർന്ന് കുട്ടി അച്ഛന്റെ മുഖത്തേക്ക് നോക്കിനിന്നു. വളരെ നാളുകളായി കേരളത്തിൽ ഇല്ലാഞ്ഞതിനാലാകണം അദ്ദേഹത്തിന് വ്യക്തമായ ഉത്തരം നിശ്ചയമില്ലായിരുന്നു. അദ്ദേഹം അടുത്ത് നിന്നിരുന്ന സുഹൃത്തിനെ ചോദ്യഭാവത്തിൽ നോക്കി. "I am too born and brought up abroad" നിസ്സഹായനായ സുഹൃത്തിന്റെ ദയനീയമായ മറുപടി. ഈ രംഗം വീക്ഷിച്ചുകൊണ്ടു നിന്ന മറ്റു പലരും അടുത്തുകൂടിയെങ്കിലും എല്ലാ ചോദ്യങ്ങളുടേയും വ്യക്തമായ ഉത്തരം നൽകാൻ സാധിച്ചില്ല.

"ങ്ഹാ...ആ നമുക്ക് മണിസാനോട് ചോദിക്കാം". ആരോ ഒരു നിർദ്ദേശം വെച്ചു. അത് അംഗീകരിക്കപ്പെട്ടു.

ഈ വിഷമസംഘം മണിസാനെ അന്വേഷണമായി. ഓണത്തിനുവേണ്ടി മലയാള നാട്ടിൽ നിന്നും വരുത്തിയ വെറ്റില, അടയ്ക്ക തുടങ്ങിയവയുമായി ഏതാനും മുതിർന്ന സുഹൃത്തുക്കളോടൊപ്പം ഒരു മരത്തണലിൽ വിശ്രമിക്കുകയായിരുന്നു അപ്പോൾ മണിസാൻ.

ആഗത സംഘത്തെ വിടർന്ന ചിരിയോടും വാത്സല്യത്തോടുംകൂടി സ്വാഗതം ചെയ്ത അദ്ദേഹം സമീപത്തെ തണലിൽ ആസനസ്ഥരാകാൻ ക്ഷണിച്ചു. ക്ഷണം സ്വീകരിച്ച സംഘം തങ്ങളുടെ വിഷമവൃത്താന്തം മണിസാന്റെ മുന്നിൽ അവതരിപ്പിച്ചു.

ഒരു ചെറു ചിരിയോടും ആമുഖത്തോടും കൂടി അദ്ദേഹം തന്റെ ഓർമ്മയുടെ താളിയോലക്കെട്ടുകൾ അഴിക്കാൻ തുടങ്ങി. അതിനു മുൻപ് ഒരിക്കൽക്കൂടി വെറ്റില ചവയ്ക്കുന്നതിനും കൂടെയുള്ളവരെ അതിന് പ്രോത്സാഹിപ്പിക്കുന്നതിനും അദ്ദേഹം മറന്നില്ല.

ശേഷം കഥ മണിസാൻ പറഞ്ഞപോലെ :

"പണ്ട് പണ്ട് കേരളത്തിൽ മഹാബലി എന്നൊരു ചക്രവർത്തി ജീവിച്ചിരുന്നു. മഹാബലിയെ നിങ്ങൾക്ക് ബഹുമാനപൂർവ്വം മാവേലി എന്നു

വിളിക്കാം."

"പണ്ട്പണ്ട് എന്നു പറഞ്ഞാൽ?" ഒരു ചെറിയ കുട്ടിയുടെ നിർദ്ദോഷമായ സംശയം.

"എന്നുവെച്ചാൽ ഞാൻ ജപ്പാനിൽ വരുന്നതിനു മുൻപ്" അദ്ദേഹം പ്രതിവചിച്ചു. കുട്ടിയുടെ മുഖം അപ്പോഴും സന്ദേഹത്തിലായിരുന്നു.

കഥ വീണ്ടും : "മഹാബലിയുടെ ഭരണകാലത്ത് കേരളത്തിൽ ഐശ്വര്യവും സമ്പത്തും ധാരാളം ഉണ്ടായിരുന്നു. എല്ലാവർക്കും തൊഴിൽ, എല്ലാവർക്കും ഭവനം (വാടക വീടല്ലാതെ, സ്വന്തമായി) എല്ലാനേരവും ഭക്ഷണം എന്നിങ്ങനെ സന്തോഷപ്രദമായ നാളുകളായിരുന്നു. രാജാവ് ജനങ്ങളേയും ജനങ്ങൾ രാജാവിനേയും സ്നേഹിക്കയും സേവിക്കയും ചെയ്തിരുന്നു.

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
.........................................

തുടങ്ങിയ പാട്ടുകളിൽ കാണുന്നതുപോലെ ഉത്സാഹത്തിൻേറയും ഉന്മേഷത്തിൻേറയും നാളുകളായിരുന്നു. ഇന്നത്തെപ്പോലെ ഭീകരൻമാരോ 'അസഹറ' പോലുള്ള ദൈവങ്ങളോ അന്ന് കേരളത്തിൽ ഉണ്ടായിരുന്നില്ല. അക്കാലത്ത് സ്റ്റാർ ടെലിവിഷനും പോപ്പ് സംഗീതവും മറ്റും ഇല്ലാതിരുന്നതുകൊണ്ട് ജനങ്ങൾ നാടൻ പാട്ടുകളിലും നൃത്ത രൂപങ്ങളിലും ആനന്ദം കണ്ടെത്തി. അതിൻെറ ഉദാഹരണമായി കൈകൊട്ടിക്കളി, തിരുവാതിരക്കളി തുടങ്ങിയവ ഇന്ന് ഇവിടെയും കാണാൻ കഴിയും." ചവച്ചുകൊണ്ടിരുന്ന വെറ്റില നീട്ടിത്തുപ്പിക്കൊണ്ട് അദ്ദേഹം കഥ അൽപം നിർത്തി.

തന്നെ സാകൂതം ശ്രവിച്ചു കൊണ്ടിരിക്കുന്ന ശ്രോതാക്കളുടെ മുഖങ്ങളിലേക്ക് ഉറ്റു നോക്കിക്കൊണ്ട്, ഉദ്വേഗജനകമായ കഥയുടെ രണ്ടാം ഭാഗം മണിസാൻ ആരംഭിച്ചു. "മഹാബലി ചക്രവർത്തിയുടെ രാജ്യത്തിൻെറ ഐശ്വര്യവും സമാധാനവും ദേവലോകത്തിലെ പ്രധാനദേവൻേറയും മറ്റ് ക്യാബിനറ്റ് ദേവൻമാരുടേയും ഉറക്കം കെടുത്തി. കാരണം നിസ്സാരമല്ല. മഹാബലിയുടെ വംശ പാരമ്പര്യത്തിൻെറ വിശകലനത്തിൽ അദ്ദേഹം അസുരഗണത്തിൽപ്പെട്ടതാണെന്ന് തെളിഞ്ഞു. ഒരു അസുര ചക്രവർത്തിയുടെ സാമ്രാജ്യം ദേവലോകത്തിനേക്കാൾ മെച്ചപ്പെടുകയോ? തീർത്തും അസഹനീയമായിരുന്നു ഈ അവസ്ഥ ദേവൻമാർക്ക്. എങ്ങിനെയും മഹാബലിയെ ഉന്മൂലനം ചെയ്യാനുള്ള വിവിധ പദ്ധതികളെ പറ്റി കൂലംകഷമായി ആലോചിച്ചു. അടിയന്തിരമായി ദേവ പാർലമെൻെറ് വിളിച്ചുകൂട്ടി. മഹാബലിക്കെതിരെ ബഹുജന പ്രക്ഷോഭം സംഘടിപ്പിക്കുന്നതിന് ജനങ്ങളുടെ സഹകരണം ലഭിക്കില്ല എന്നതുകൊണ്ട് തള്ളിക്കളഞ്ഞു. വിദേശ ഭീകരന്മാരെക്കൊണ്ട് കലാപമുണ്ടാക്കാമെന്നത്, അത് തിരിച്ചും സംഭവിക്കാമല്ലോ എന്ന സാദ്ധ്യത ഓർത്ത് ഉപേക്ഷിച്ചു. അവസാനം 'ഓപ്പറേഷൻ മഹാബലി' എന്നൊരു പദ്ധതി തയ്യാറാക്കി, അതിൻെറ ചുമതല പ്രധാന ദേവനും മറ്റും അടങ്ങുന്ന ഒരു സബ്ക്കമ്മിറ്റിക്കു വിട്ടുകൊടുത്തുകൊണ്ട് അംഗങ്ങൾ തങ്ങളുടെ സ്വന്തം ക്ഷേത്രങ്ങളിലേക്ക് മടങ്ങി.

സബ്കമ്മിറ്റി തങ്ങളുടെ നിരീക്ഷണങ്ങളും യോഗങ്ങളും തുടർന്നു. അവസാനം മഹാബലി ചക്രവർത്തിയുടെ ജീവചരിത്ര രേഖകൾ അതിസൂക്ഷ്മമായി വിലയിരുത്തിയപ്പോൾ തങ്ങൾക്ക് അപ്രാപ്യമായിരുന്ന ചില വിശിഷ്ട ഗുണങ്ങൾ (?) ദേവൻമാർ മഹാബലിയിൽ കണ്ടെത്തി. അദ്ദേഹം അതീവ ദാനശീലനും, വാക്ക് പാലിക്കുന്നവനുമത്രെ! സന്തോഷത്തിന് ഇതിൽപ്പരമെന്തുവേണം! ആഹ്ലാദം കൊണ്ട് അവർ അട്ടഹസിച്ചു. തുള്ളിച്ചാടി. അന്ന് ഭൂമിയിൽ അതിഭയങ്കരമായ ഇടിയും മഴയും ഉണ്ടായതായിട്ടാണ് മുൻകാല മഴയുടെ കണക്കുകൾ കാണിക്കുന്നത്.

തുടർന്നുള്ള സംഭവവികാസങ്ങൾ ദ്രുതഗതിയിലും നിസ്സാരമായും കഴിഞ്ഞു എന്നത് ചരിത്രരേഖ. പ്രധാനി തന്നെ കാര്യങ്ങളുടെ നിയന്ത്രണം ഏറ്റെടുത്തു. വേഷം മാറി, ദരിദ്രനായൊരു ബ്രാഹ്മണ

ബാലനായി, കേരളത്തിൽ വന്നു. മഹാബലിയെ മുഖം കാണിച്ചു. പ്രശ്ന രഹിത പ്രദേശമായിരുന്നതിനാലും ഇന്നത്തെ പ്പോലുള്ള സെക്യൂരിറ്റി സംവിധാനങ്ങളൊന്നും ഇല്ലാതിരുന്നതുകൊണ്ടും മുഖം കാണിക്കാൻ വളരെ എളുപ്പത്തിൽ കഴിഞ്ഞു എന്നു പറയാം. ബ്രാഹ്മണ ബാലൻ മഹാബലിയോട് വളരെ നിസ്സാരമായ ഒരാവശ്യമാണ് ഉന്നയിച്ചത്. ഇരുന്ന് പ്രാർത്ഥിക്കാൻ മൂന്നടി മണ്ണ്! ബാലന്റെ ദൈന്യതയിൽ അലിവുണ്ടായ മഹാബലി ഇഷ്ടമുള്ള സ്ഥലത്തു നിന്നും അളന്നു കൊള്ളുവാൻ അനുവദിച്ചു. പെട്ടെന്ന് വിശ്വരൂപം കൈകൊണ്ട ബാലൻ (പ്രധാനി) രണ്ടു ചുവടുകൾകൊണ്ട് പ്രപഞ്ചം മുഴുവൻ അളന്ന്, അടുത്ത ചുവടു വെയ്ക്കാൻ സ്ഥലം ആവശ്യപ്പെട്ടപ്പോൾ, വാക്കുകൾക്ക് തന്റെ ജീവനേക്കാൾ വില കൽപിച്ചിരുന്ന ഭരണാധികാരി തന്റെ മൂർദ്ധാവ് കാണിച്ചുകൊടുത്തു. അത്യധികമായ സന്തോഷത്തോടെ, പ്രധാനി, മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തി. എന്നാൽ പ്രജാ വത്സലനായ ചക്രവർത്തി പാതാള യാത്രയ്ക്കു മുൻപ് ഒരു വരം ചോദിച്ചു. വർഷത്തിലൊരിക്കൽ തന്റേതായിരുന്ന ജനങ്ങളെ ഒരു നോക്ക് കാണുവാനുള്ള അനുവാദം. അൽപം വിഷമത്തോടെ യാണെങ്കിലും പ്രധാനി അത് അംഗീകരിച്ചു. ചിങ്ങമാസത്തിലെ തിരുവോണ നാളിൽ ആ സന്ദർശനം നടത്തിക്കൊള്ളാമെന്ന് മഹാബലിയും സമ്മതിച്ചു.

അങ്ങനെ, സൽഗുണ സമ്പൂർണ്ണനും പ്രജാസ്നേഹിയുമായിരുന്ന ഒരു ഭരണാധികാരി വർഷത്തിലൊരിക്കൽ തന്റെ പ്രജകളേയും അനന്തര തലമുറയേയും കാണാൻ വരുന്ന കഥയാണ് ഓണത്തിന്റേത്." ഈ വാക്കുകൾ പറയുമ്പോൾ മണിസാന്റെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. അദ്ദേഹം വെറ്റിലയും ചവയ്ക്കുന്നുണ്ടായിരുന്നില്ല. ഈ സമയം ശ്രോതാക്കളിൽ പലരും ടിഷ്യു പേപ്പർകൊണ്ട് കണ്ണും മുഖവും തുടയ്ക്കുന്നത് ശ്രദ്ധേയമായ ഒരു കാഴ്ചയായിരുന്നു.

കഥ അവസാനിച്ചു എന്നു കരുതി മറ്റു കുശല പ്രശ്നങ്ങളിൽ ഏർപ്പെട്ടിരുന്ന ശ്രോതാക്കളെ നോക്കി, കണ്ഠം ശുദ്ധി വരുത്തി, ഒരിക്കൽക്കൂടി വെറ്റിലയും ചവച്ചുകൊണ്ട് മണിസാൻ കഥ തുടർന്നു. അൽപം സംശയ ദൃഷ്ടിയോടെ തന്നെ നോക്കിയ ശ്രോതാക്കളോട് മണിസാൻ, "ഇതു കൂടിയായാലേ നമ്മുടെ ഓണത്തിന്റെ കഥ പൂർണ്ണമാകൂ". ഉത്സാഹത്തോടും ആശ്ചര്യത്തോടും കൂടി ജനം ശ്രദ്ധിക്കാൻ തുടങ്ങി; മണിസാൻ കഥയും തുടർന്നു;

"പാതാളത്തിലേക്ക് പോയ മഹാബലി അവിടെച്ചെന്ന് ബുദ്ധമത ഗ്രന്ഥങ്ങളും സംഹിതകളും പഠിക്കാൻ തുടങ്ങി. ശാന്തിയുടേയും അഹിംസയുടേയും സമാധാനത്തിന്റേയും ആഹ്വാനങ്ങളിൽ അദ്ദേഹം ഗവേഷണം തുടർന്നു. വർഷത്തിലൊരിക്കലുള്ള കേരള സന്ദർശനം കഴിഞ്ഞാൽ ബാക്കിയുള്ള സമയം പാതാളത്തിലെ പൊതു പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. അൽപം സാക്ഷരതാ പ്രവർത്തനം, ഉപദേശങ്ങൾ, പഠനം, ഇങ്ങനെ സമാധാനപൂർണ്ണമായ ജീവിതം കഴിഞ്ഞുവരവേ ഭൂമിയിൽ പല മാറ്റങ്ങളും ഉണ്ടായി. രാജ്യങ്ങൾ തമ്മിൽ യുദ്ധങ്ങൾ, അതിർത്തി തർക്കങ്ങൾ അങ്ങിനെ പലതും. ലോക മഹായുദ്ധങ്ങളും പലതുമുണ്ടായി. അവസാനം, രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസാനത്തിനു വേണ്ടി അമേരിക്കയും കൂട്ടരും അത്യധികം മാരകമായ അണു ബോംബ് ജപ്പാനിൽ വർഷിച്ചു.

ബോംബ് സ്ഫോടനത്തിൽ ദിഗന്തങ്ങൾ നടുങ്ങി. പുക പടലം ഉയർന്നു. പതിനായിരങ്ങൾ അഗ്നിയിൽ വെന്തെരിഞ്ഞു. ഇത് ചരിത്രത്തിലുള്ളത്. എന്നാൽ രേഖപ്പെടുത്താതെപോയ പലതും കൂട്ടത്തിൽ സംഭവിച്ചു.

ബോംബ് സ്ഫോടനത്തിന്റെ ആഘാതത്താൽ ഭൂമി പിളർന്നു. പാതാളത്തിന്റെ വാതിലുകൾ എന്നെന്നേക്കുമായി തുറക്കപ്പെട്ടു. അവിടെ യുണ്ടായിരുന്നവരെല്ലാം സ്വതന്ത്രരായി. വാതിലുകൾ തുറക്കപ്പെട്ടത് ഹിരോഷിമയിലും നാഗസാക്കിയിലു

മായിരുന്നു. അങ്ങനെ, മഹാബലിയും കൂട്ടരും ജപ്പാനിൽ പ്രവേശിച്ച് സ്വതന്ത്രരായി.

ഇവിടുത്തെ ദയനീയാവസ്ഥ കണ്ട് മഹാബലി കേണു. എങ്ങിനെയെങ്കിലും ഇവിടുത്തെ ജനങ്ങളെ ഈ കൊടും ഭീകരതയിൽനിന്നും ഉയർത്തണമെന്ന് ശപഥം ചെയ്തു. ചില ദൂതൻമാർ മുഖേന ജപ്പാനിലെ യുദ്ധാനന്തര പ്രധാനമന്ത്രിയേയും രാജാവിനേയും കണ്ടു. തൻെറ പദ്ധതികളിൽ വിശ്വാസം വരുന്നതിനുവേണ്ടി, താൻ പണ്ട് കേരളത്തിൽ ചെയ്തിരുന്നതിൻെറ രേഖാചിത്രം വരച്ചു കാണിച്ചു കൊടുത്തു.

അങ്ങനെ ജപ്പാൻെറ പുനരുദ്ധാരണത്തിനായി മഹാബലിയെ ഇവിടുത്തെ അനൗദ്യോഗിക പ്രധാന മന്ത്രിയാക്കി. ഒരു വ്യവസ്ഥയും വെച്ചു. ഔദ്യോഗികാവശ്യത്തിനുവേണ്ടി തെരഞ്ഞെടുക്കുന്ന ഒരു പ്രധാനമന്ത്രി വേണം. തന്നെയുമല്ല, മറ്റു രാഷ്ട്ര നേതാക്കളുമായുള്ള ചർച്ചകളിലൊന്നും മഹാബലി പങ്കെടുക്കുകയുമില്ല. അതുകൊണ്ട് എങ്ങിനെയൊക്കെ പ്രധാനമന്ത്രിമാർ മാറി വന്നാലും ഭരണം നടത്തുന്നത് ഇപ്പോഴും മഹാബലിയും കൂട്ടരുമാണ്. അങ്ങനെ ഈ രാജ്യം പണ്ട് കേരളത്തിൽ സംഭവിച്ചതുപോലെ പുരോഗതിയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നു.

മഹാബലി വസിക്കുന്ന ജപ്പാനിലേക്ക് ഒരിക്കലെങ്കിലും വന്ന് തങ്ങളുടെ പഴയ ചക്രവർത്തിയെ ഒരു നോക്ക് കാണണമെന്നത് എല്ലാ കേരളീയരുടേയും ജീവിതാഭിലാഷമായി ത്തീർന്നിരിക്കയാണ്. എന്നാൽ, ഇവിടെ എത്തിയ കേരളീയർക്ക് പറയുവാനുള്ളതു മറ്റൊരു കഥയാണ്. ഇങ്ങോട്ടുള്ള വിമാനത്തിൽ വെച്ച് മഹാബലിയുടെ കാര്യം മറന്നു പോകുന്നു. ഇവിടെയെത്തിയാൽ അക്കാര്യം പൂർണ്ണമായും മറന്നു കഴിഞ്ഞിരിക്കും. എന്നാലും ചിങ്ങമാസത്തിലെ തിരുവോണ നാളാവുമ്പോഴെയ്ക്കും വീണ്ടും ഓർമ്മ വരും. വീണ്ടും മറവി! അങ്ങിനെ ഇവിടെയും കേരളത്തിലെപ്പോലെ വർഷത്തിലൊരിക്കൽ മാത്രം മലയാളികൾ ഓണാഘോഷം നടത്തുന്നു; മഹാബലിയെന്നും കൂടെയുണ്ടായിട്ടും."

മണിസാൻ വാക്കുകൾ അവസാനിപ്പിച്ചു.

ശ്രോതാക്കൾ ആശ്ചര്യപൂർവ്വം അന്യോന്യം നോക്കുന്നു. എന്തോ ഓർക്കാൻ ശ്രമിച്ചിട്ടെന്നപോലെ പുഞ്ചിരിക്കുന്നു.

"എല്ലാവരുടേയും ശ്രദ്ധയ്ക്ക്; ഈ വർഷത്തെ നമ്മുടെ ഓണാഘോഷ പരിപാടികൾ ഉടൻ തന്നെ ആരംഭിക്കുന്നു." അൽപം അടഞ്ഞതെങ്കിലും ഉച്ചത്തിലുള്ള സംഘാടകൻെറ ശബ്ദം കേട്ട് എല്ലാവരും വേദിയുടെ സമീപത്തേയ്ക്ക് നീങ്ങുന്നു; ഓണത്തിൻെറ ഓർമ്മകളും പേറിക്കൊണ്ട്.

---

## പ്രൊഫസർ എം.ജി.എസ്. നാരായണൻ

(9-ാം പേജ് തുടർച്ച)

പരിചയമുള്ള പ്രൊഫസർ, ഇവിടത്തെ മലയാളി സമൂഹത്തെക്കുറിച്ച് എന്താണ് കരുതുന്നത് എന്നറിയാൻ ആകാംക്ഷയുണ്ട്?

പ്രൊ:മറ്റു പലസ്ഥലങ്ങളിലെയുമായി താരതമ്യപ്പെടുത്തിയാൽ ജപ്പാനിലെ മലയാളികൾ ഒരു സംഘടനയില്ലാതെ തന്നെ സംഘടിച്ചു നിൽക്കുന്നവരാണെന്ന് തോന്നുന്നു. ഒരു പക്ഷേ, താരതമ്യേന ചെറിയ അംഗസംഖ്യയും ജീവിത നിലവാരത്തിലെ സമത്വവുമായിരിക്കാം കാരണം. ഇവിടെ വരുന്നതിനു മുൻപ് ഇവിടെ ഇത്ര മലയാളികളുള്ളതായി അറിവില്ലായിരുന്നു. പിന്നെ എല്ലാവരേയും പരിചയപ്പെടുകയും മിക്കവാറും എല്ലാ ആഴ്ചയിലും കാണുകയും ഒക്കെയായി.... ഇപ്പോൾ ആലോചിക്കുമ്പോൾ ഈ ഒരു വർഷം എത്ര വേഗമായിരുന്നു! ഞാൻ താളിയോലയുടെ ആദ്യത്തെ പ്രതി പ്രസിദ്ധീകരിക്കുന്നതിനു മുൻപ് പോകുമെങ്കിലും ഇതിൻെറ ഒരു രൂപം പോകുന്നതിനു മുൻപ് കാണാനാഗ്രഹമുണ്ട്; തുടർന്നുള്ള ലക്കങ്ങളും.

(അവസാനത്തെ വണ്ടിക്ക് സ്റ്റേഷനിലേക്ക് പ്രൊഫസറും കൂടെ വന്നു. വഴിക്കും ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. സ്ഥലപരിമിതിമൂലം എല്ലാമെഴുതാൻ കഴിയാഞ്ഞതിൽ ഖേദമുണ്ട്.)

# മുഖാമുഖം

## പ്രൊഫസർ എം.ജി.എസ്. നാരായണൻ

പ്രസിദ്ധനായ ചരിത്രകാരൻ, അദ്ധ്യാപകൻ എന്നീ സാമാന്യ വിശേഷണത്തിൽ ഒതുക്കാവുന്നതായിരുന്നു പ്രൊഫ. എം.ജി.എസ്. നാരായണനെക്കുറിച്ചുള്ള അറിവ്. ഇടയ്ക്കെല്ലാം 'മാതൃഭൂമി' യിലെ ലേഖനങ്ങളിലൂടെ മാത്രം അറിഞ്ഞിരുന്ന വ്യക്തി. ഒരഭിമുഖം എന്ന ചട്ടക്കൂട്ടിലൊതുക്കി അദ്ദേഹത്തെ പരിചയപ്പെടുത്താമെന്ന ആശയവുമായി ഒരു വൈകുന്നേരമാണ് അദ്ദേഹത്തിൻെറ താമസ സ്ഥലത്തേക്ക് ചെന്നത്. മടക്കയാത്രയുടെ തിരക്കിലും വളരെ ഉത്സാഹത്തോടുകൂടി നമുക്കുവേണ്ടി, അദ്ദേഹം അഞ്ചുമണിക്കൂറോളം കലവറയില്ലാതെ പലതിനെക്കുറിച്ചും സംസാരിച്ചു. ചിലപ്പോൾ ഒരു ചരിത്രപണ്ഡിതൻെറ ഗാംഭീര്യത്തോടും മറ്റു ചിലപ്പോൾ ഒരു ആദർശവാദിയുടെ ആവേശത്തോടും കൂടി അഞ്ചു വ്യാഴവട്ടക്കാലത്തെ തൻെറ അനുഭവങ്ങളുടെ കെട്ടഴിച്ചപ്പോൾ അഭിമുഖം നടത്തുന്നയാൾക്ക് നിർന്നിമേഷനായിരിയ്ക്കുക മാത്രമായിരുന്നു വഴി. അതിനെ രണ്ടുതാളുകളിലൊതുക്കുക എന്നത് അസാദ്ധ്യമാണെങ്കിലും ഒരു സാഹസത്തിന് ഒരുങ്ങുന്നു. ക്ഷമിക്കുക.

താ:ആദ്യമായി കുടുംബം, കുട്ടിക്കാലം എന്നിവയെക്കുറിച്ച്.

പ്രൊ: ഞാൻ കോഴിക്കോട്ട് പരപ്പനങ്ങാടിക്കടുത്ത് 'നെടുവ' ക്കാരനാണ്. പണ്ട് പരപ്പനാട്ടു തമ്പുരാൻെറ കാര്യസ്ഥന്മാരായിരുന്നു ഞങ്ങളുടെ കുടുംബം. ഞങ്ങൾ ജനിക്കുമ്പോഴേക്കും കാരണവന്മാർ ഒരുവിധമെല്ലാം നശിപ്പിച്ചു കഴിഞ്ഞിരുന്നു. എൻെറ അച്ഛൻ ഒരു ഡോക്ടറായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ എനിക്ക് അമ്മ നഷ്ടപ്പെട്ടു. പിന്നെ അച്ഛൻ പുനർവിവാഹം ചെയ്തു. സാമാന്യം അംഗസംഖ്യയുള്ള ഒരു കുടുംബമായിരുന്നതിനാൽ സാമ്പത്തികമായി നന്നേ ഞെരുക്കത്തിലായിരുന്നു ഞങ്ങൾ. എങ്കിലും ഞങ്ങളെല്ലാം സാമാന്യം നല്ല വിദ്യാഭ്യാസം നേടി. പരപ്പനാട്ടു തമ്പുരാക്കന്മാരെപ്പറ്റി പറയുമ്പോൾ ടിപ്പുവിൻെറ പടയോട്ടക്കാലത്ത്, അവരുടെ പലശാഖകളും തെക്ക് കിളിമാനൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് രക്ഷപ്പെട്ടു. ആ ശാഖകളിൽപ്പെട്ടവരാണ് കേരളവർമ വലിയകോയിത്തമ്പുരാൻ, രാജരാജവർമ, ചിത്രകാരൻ രവിവർമ തുടങ്ങിയവർ. പിന്നെ, ഇന്ദുലേഖയുടേയും ശാരദയുടേയും പാശ്ചാത്തലം നെടുവയാണ്. ചന്തുമേനോൻെറ പ്രസിദ്ധമായ 'വക്കീലന്മാരുടെ കൊളമ്പ്' എൻെറ കുട്ടിക്കാലത്തും അവിടെയുണ്ടായിരുന്നു.

താ:പ്രൊഫസറുടെ ഔദ്യോഗിക ജീവിതത്തെക്കുറിച്ച് പറയാമോ?

പ്രൊ:എൻെറ ബാല്യകാലം കേരളത്തിൽ മാറ്റത്തിൻെറ കാലമായിരുന്നു. അതേവരെ ഗ്രാമാതിർത്തികൾക്കുള്ളിൽ പരമ്പരാഗത വൃത്തികളിൽ ഏർപ്പെട്ടിരുന്നവർ പുതിയ ചക്രവാളങ്ങൾ തേടിയ കാലഘട്ടം. ഒരു ഡോക്ടറായിരുന്ന എൻെറ അച്ഛൻ സ്വാഭാവികമായും ഞാനും ആ വഴിയിലായിക്കാണാൻ ആഗ്രഹിച്ചു. ചെറുപ്പത്തിൽത്തന്നെ സാഹിത്യത്തിലും ചരിത്രത്തിലും താത്പര്യമുണ്ടായിരുന്ന ഞാൻ അതിലേക്കു തിരിഞ്ഞു. കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, ഫാറൂഖ് കോളേജ്, തൃശ്ശൂർ കേരളവർമ കോളേജ് എന്നിവയ്ക്കുശേഷം ഞാൻ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും ചരിത്രത്തിൽ ഒന്നാം റാങ്കോടെ എം.എ എടുത്തു. പിന്നീട് കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിലും, സർവകലാശാലാ ചരിത്ര വിഭാഗത്തിലും അദ്ധ്യാപകനായിരുന്നു. അതിനിടയിൽ കേരള സർവകലാശാലയിൽനിന്ന് ആദ്യമായി പ്രാചീന ചരിത്രത്തിൽ ഡോക്റ്ററേറ്റ് എടുത്തു. കരിയറിനെപ്പറ്റി ചുരുക്കി പറഞ്ഞാൽ കോഴിക്കോട്, കോട്ടയം സർവകലാശാലകളിൽ അദ്ധ്യാപകൻ, ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിലിൻെറ മെംബർ സെക്രട്ടറി, ലണ്ടൻ, മോസ്കോ,

ടോക്യോ, സർവകലാശാലകളിൽ വിസിറ്റിങ് പ്രൊഫസർ എന്നിങ്ങനെ...ഇതിലെല്ലാമുപരി, തുടർച്ചയായി മൂന്നു തവണ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിൻെറ സെക്രട്ടറിയായിരുന്നു.

താ: ചരിത്രകാരനെ സംബന്ധിച്ചേടത്തോളം രാഷ്ട്രീയബോധവും സാമൂഹ്യശാസ്ത്രാവബോധവും അനിവാര്യമാണല്ലോ. പ്രൊഫസറുടെ രാഷ്ട്രീയമെന്താണ്?

പ്രൊ:എൻെറ ചെറുപ്പകാലം കേരളത്തിൽ പുരോഗമന പ്രസ്ഥാനങ്ങളുടെ കാലമായിരുന്നു. കോളേജിൽ പഠിക്കുന്നകാലത്തുതന്നെ സോഷ്യലിസ്റ്റ് ആശയങ്ങളോടും മാർക്സിസത്തോടും എനിക്ക് ആഭിമുഖ്യമുണ്ടായിരുന്നു. ഡിഗ്രിക്ക് ഇക്കണോമിക്സ് എടുത്തതുതന്നെ മാർക്സിസത്തിൽ ഉണ്ടായിരുന്ന താൽപര്യം മൂലമാണ്. പിന്നെ സോഷ്യലിസ്റ്റ് ആഭിമുഖ്യമുള്ള സുഹൃത്തുക്കളും എന്നെ സ്വാധീനിച്ചിരുന്നു. പക്ഷെ, പിൽക്കാലത്തെ എൻെറ അനുഭവങ്ങൾ ആ വ്യവസ്ഥിതിയിലുള്ള എൻെറ വിശ്വാസം തകർത്തു കളഞ്ഞു എന്നു പറയാം. ഇന്ത്യയിൽ ഇന്ന് കമ്യൂണിസ്റ്റ് പാർട്ടികൾക്ക് കോൺഗ്രസ്സും, RSS- ഉമായി വലിയ വ്യത്യാസമൊന്നും ഇല്ലാതായിരിക്കുന്നു. ആശയപരമായി അവ മുരടിച്ചുപോയി എന്ന് എനിക്ക് തോന്നുന്നു. പ്രധാനമായും, ലോകത്തിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അജ്ഞതയും വിമുഖതയും, 19-ാം നൂറ്റാണ്ടിലെ യൂറോപ്പിൻെറ പശ്ചാത്തലത്തിലുള്ള ചില മുൻ ധാരണകളോടെ എന്തിനെയും സമീപിക്കാനുള്ള പ്രവണതയും, കൺമുന്നിലെ സത്യങ്ങൾ അംഗീകരിക്കാനുള്ള വിമുഖതയുമാണ് ഇതിനു കാരണമെന്ന് ഞാൻ കരുതുന്നു. പിന്നെ, ഗോർബച്ചേവിൻെറ റഷ്യയിൽ നടത്തിയ ഒരു സന്ദർശനത്തോടെ കമ്യൂണിസ്റ്റ് ലോകത്തെക്കുറിച്ചുള്ള എൻെറ എല്ലാ സങ്കൽപങ്ങളും നഷ്ടമായി. കമ്യൂണിസം ഇന്ന് അടഞ്ഞ ഒരദ്ധ്യായമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്നെനിക്ക് ഒരു പാർട്ടിയുമില്ല. എന്നെയും ഒരു പാർട്ടിക്കും വേണമെന്നും തോന്നുന്നില്ല.

താ: ഇനി കുറച്ചു വ്യക്തിപരമാവട്ടെ. കുടുംബത്തെപ്പറ്റി?

പ്രൊ:എൻെറ ഭാര്യ പ്രേമി, മകൻ വിജയകുമാർ, മകൾ വിനി. മകൻ ഇന്ത്യൻ വ്യോമ സേനയിൽ, മകൾ സ്കൂളിൽ. മകന് പഠിപ്പിലുംസ്പോർട്സിലുമാണ് താൽപര്യം. പക്ഷെ മകൾക്ക് താൽപര്യം കലാപരമായ കാര്യങ്ങളിലാണ്. ഞാൻ U.G.C. സെലക്ഷൻ കിട്ടി പഠിക്കുമ്പോൾ പ്രേമി അവിടെ B.Sc വിദ്യാർത്ഥിനിയായിരുന്നു.

താ: അപ്പോൾ പ്രേമ വിവാഹമായിരുന്നുവോ?

പ്രൊ:(ചിരി) എന്നു പറയാൻ വയ്യ. പക്ഷെ ഞങ്ങൾക്ക് പരസ്പരം അറിയാമായിരുന്നു and we liked each other.

താ:പ്രൊഫസറുടെ ഇഷ്ടപ്പെട്ട ഭക്ഷണം?

പ്രൊ:(ഉറക്കെ ചിരിച്ചുകൊണ്ട്) ഞാൻ എന്തും തിന്നും എന്തും കുടിക്കും. ആദ്യം മുതലേ ഹോസ്റ്റലിലും ലോഡ്ജിലും ജീവിച്ച എനിക്ക് ഏതു ഭക്ഷണമായും പൊരുത്തപ്പെടേണ്ടി വന്നു. പിന്നെ എരിവ് ധാരാളം വേണമെന്നുമാത്രം. ഡ്രിങ്ക്സിൻെറ കാര്യമാണെങ്കിൽ ഇവിടത്തെ 'സാക്കെ' നമ്മുടെ ചാരായത്തിനും റാക്കിനും മുൻപിൽ ഒന്നുമല്ല. പിന്നെ, റഷ്യൻ വോഡ്കയുടെ മുന്നിൽ മാത്രമാണ് ഞാൻ തോറ്റിട്ടുള്ളത്.

താ:ഇവിടെ ജപ്പാനിലെ ദൗത്യത്തെപ്പറ്റി ഒന്നു ചുരുക്കിപ്പറയാമോ?

പ്രൊ:ജപ്പാനിൽ ഈയിടെയാണ് ഇന്ത്യയുടേയുംമറ്റും ചരിത്രത്തിൽ താൽപര്യം കാണുന്നത്. ടോക്യോ യൂനിവേഴ്സിറ്റി പ്രൊഫസർ കരാഷിമ ആദ്യമായി തമിഴ് ചരിത്രം പഠിക്കാൻ വന്നപ്പോൾ മുതൽ അദ്ദേവുമായി എനിക്ക് പരിചയമുണ്ട്. പിന്നെ പലപ്പോഴായി ഞാൻ അദ്ദേഹത്തിൻേറയും വിദ്യാർത്ഥികളുടേയും ഗവേഷണവുമായി പല തരത്തിലും ബന്ധപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ ദൗത്യം, ഇവിടെ ഗവേഷണത്തിൽ സഹായിക്കുകയാണ്.

താ:പല വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലും സഞ്ചരിച്ച

(ശേഷം 7-ാം പേജിൽ)

# നിപ്പോൺ, നിഹോൺ, ജപ്പാൻ, ഓണം

റഹിം

ജപ്പാൻകാർ മാതൃ രാജ്യത്തെ വിളിക്കുന്ന 'നിപ്പോൺ', 'നിഹോൺ' എന്ന വാക്കുകൾക്ക് ഒരേ അർത്ഥമാണ്. "ഉദയ സൂര്യന്റെ നാട്". ഇത് ആദ്യമായി ഉപയോഗിച്ചത് ഏഴാം നൂറ്റാണ്ടിലെ ജപ്പാനിലെ ഭരണ കർത്താവായിരുന്ന 'ഷൊതോക്കു' രാജകുമാരനാണ്. ചൈനയിലേയ്ക്കയച്ച എഴുത്തിൽ സ്വന്തം രാജ്യത്തെ വിശേഷിപ്പിക്കാനായിരുന്നു അത്. ഈ രണ്ടു വാക്കുകളും ഇപ്പോൾ സാധാരണയായി ഉപയോഗിക്കാറുണ്ടെങ്കിലും ഔദ്യോഗികാവശ്യങ്ങൾക്ക് 'നിപ്പോൺ' ആണ് കൂടുതലും ഉപയോഗിക്കുന്നത്.

ജപ്പാൻ എന്ന വാക്കിന് രണ്ടു ഉറവിടങ്ങളുണ്ടെന്ന് അനുമാനിക്കപ്പെടുന്നു. വടക്കൻ ചൈനയിൽ ജപ്പാൻ എന്ന രാജ്യം അറിയപ്പെട്ടിരുന്നത് 'ജിപെൻകുഒ' (Jihpenkuo) എന്ന പേരിലാണ്. ഇതിനെ പോർച്ചുഗീസുകാർ 'ജിപ്പാൻഗു' (Jipangu or Zipangu) എന്നു വിളിച്ചു. അതിൽനിന്നും ജപ്പാൻ എന്ന പദം ഉണ്ടായി. മറ്റത് തെക്കൻ ചൈനയിൽ ജപ്പാനെ അറിയപ്പെട്ടിരുന്ന 'യാപ്പുൻ' (Yatpun) എന്ന പദത്തിൽനിന്നുമാണ്. ഡച്ചുകാർ ഇതിനെ ജപ്പാൻ എന്നു വിളിച്ചു.

ജപ്പാനിൽ ഓണം എന്നു കേൾക്കുമ്പോൾ ഓർമ്മ വരുന്നത് ഈ വരികളാണ്. "വേനലിന്റെ സൗന്ദര്യം കാണുമ്പോൾ, മേപ്പിൾ ഇലകളുടെ സൗന്ദര്യം കാണുമ്പോൾ, ഹിമകണങ്ങളുടെ സൗന്ദര്യം കാണുമ്പോൾ, സാക്കുറ പൂകുലകളുടെ സൗന്ദര്യം കാണുമ്പോൾ, ചുരുക്കത്തിൽ നാലു ഋതുക്കളുടെ അപ്രമേയമായ സൗന്ദര്യധോരണി നമ്മെ തട്ടിയുണർത്തുമ്പോൾ, അപ്പോൾ മാത്രമാണ് നാം നമ്മുടെ സഹജീവികളെക്കുറിച്ചാലോചിക്കുകയും അവരും നമ്മുടെ ആനന്ദാനുഭൂതികളിൽ പങ്കുകൊള്ളണമെന്നാഗ്രഹിക്കുകയും ചെയ്യുന്നത്." നിങ്ങൾ വിശ്വസിക്കില്ല. വളരെ സത്യമായ ഈ വരികൾ എഴുതിയത് ഒരു ജപ്പാൻകാരനാണ്. ജപ്പാനിലെ ഏഴ് നോബൽ സമ്മാനജേതാക്കളിലൊരാൾ. അതെ, 1968-ൽ "മഞ്ഞുരാജ്യം" എന്ന കൃതിയ്ക്ക് സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ, ജാപ്പനീസ് സാഹിത്യ സാർവ്വഭൗമന്മാരിൽ ഒരാൾ എന്നു വിശേഷിപ്പിക്കാവുന്ന, യസുനാരി കവബത്ത.

ഓണവും ഇതേ അനുഭൂതിയാണ് നമ്മിലുണർത്തുന്നത്. ഈ പൊന്നിൻ ചിങ്ങമാസത്തിലെ പൊന്നോണപ്പുലരിയിൽ, ഓണക്കുരവയും ഓണപ്പൂക്കളും ഇല്ലെങ്കിലും, പടിഞ്ഞാറൻ സംസ്കാരത്തിന്റെ അതിപ്രസരമുള്ള മറുനാടാണെങ്കിലും, കേരളത്തനിമ നിലനിർത്തുന്ന മലയാളികൾ ഒന്നിച്ചുകൂടി ആനന്ദാനുഭൂതികൾ പങ്കിട്ട് ഓണമാഘോഷിക്കുന്നത് എത്രയോ മഹത്താണ്.

പൂത്തുമ്പികളുടെ മൂളലും, അതിനെ പിടിക്കാനുള്ള കുട്ടികളുടെ പാച്ചിലും, കിട്ടാഞ്ഞതിന്റെ നിരാശയും കാൽതട്ടി വീണതിന്റെ സങ്കടവും കൂടിയുള്ള ഏങ്ങലടികളും, സാന്ത്വന സ്വരങ്ങളും, ഊഞ്ഞാലാടലിന്റെ ആരവവും, ഊഞ്ഞാലിൽനിന്നും ഊണിടയിടലിന്റെ വിളിയും - ഈ നഗരത്തിലും നമുക്കത് സാധിച്ചിരുന്നുവെങ്കിൽ! വെറും ഒരു ആത്മഗതം മാത്രം.

---

മഹാബലി മലയാളത്തിൽ മാവേലിയായി. മാവേലി എന്നാൽ വേലി അരുത് എന്നാണർത്ഥം. മനസ്സിലെ വേലികളെ പൊളിച്ചുമാറ്റാൻ പഠനം കൊണ്ടു കഴിയണം.

- കുഞ്ഞുണ്ണി

# തിരിഞ്ഞുനോക്കുമ്പോൾ

സുരേഷ് ലാൽ & രമണി ലാൽ

ഞങ്ങൾ ജപ്പാനിലെത്തിയിട്ട് എഴുവർഷത്തിനുമേലെയായി. ഇവിടത്തെ ദൈനംദിന ജീവിതത്തിലെ പ്രയാസങ്ങൾ അടുത്തറിഞ്ഞപ്പോൾ ഒരു വർഷംപോലും തികച്ച് ഇവിടെ കഴിയാൻ സാധിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നില്ല. ക്രമേണ ഇവിടത്തെ സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരാൻ സാധിച്ചെന്നു പറയാം. അതിന് സഹായിച്ച എല്ലാവരോടും ഞങ്ങൾ എന്നും കൃതജ്ഞരായിരിക്കും. ഇത്രയും കാലം ഇവിടെ ജീവിച്ചതിന്റെ ഒരു ബാക്കി പത്രം തയ്യാറാക്കുകയാണെങ്കിൽ ആസ്തിയുടെ കോളത്തിലെഴുതാൻ ഒരുപാട് നല്ല സുഹൃത്തുക്കളുടെ പേരുകളുണ്ടാവും. ജപ്പാനിലെ ജീവിതത്തിന്റെ ഏറ്റവും വലിയ നേട്ടമായി ഞങ്ങളതിനെ കണക്കാക്കുന്നു.

ഇവിടെ വരുന്നതിന് മുമ്പ് ഒരു വ്യാഴവട്ടകാലത്തിനുമേലെ ഞങ്ങൾ U.A.E.യിൽ ആയിരുന്നു. എന്നാലും ഇവിടെ എത്തിയപ്പോഴാണ് ആദ്യമായി ഒരു വിദേശ രാജ്യത്ത് എത്തിയ പോലെതോന്നിയത്. (U.A.E-യിൽ രണ്ടുലക്ഷത്തിലധികം മലയാളികൾ ഉള്ളതുകൊണ്ട് വിദേശത്താണ് താമസിക്കുന്നതെന്ന തോന്നൽ ഒരിക്കലും ഉണ്ടായിട്ടില്ല).

ഞങ്ങൾ ആദ്യമായി ഒരു മലയാളിയെ (ഇന്ത്യക്കാരനെ) പരിചയപ്പെട്ടത് ഇവിടെ എത്തി മൂന്നുനാലു മാസങ്ങൾക്കുശേഷമാണ് - കൊച്ചിൻ ഷിപ്പ്‌യാർഡിലെ വേണുഗോപാലനെ.

ജപ്പാനിലെ ഞങ്ങളുടെ ആദ്യത്തെ ഓണത്തിന് വേണുമാത്രമായിരുന്നു ഞങ്ങളോടൊപ്പമുണ്ടായിരുന്നത്. ഇന്നത്തെപോലെ ജപ്പാനിൽ ഓണം ആഘോഷിക്കാൻ പറ്റുമെന്ന് അന്ന് ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല. ഓരോ വർഷം കഴിയുമ്പോഴും നമ്മളുടെ ഓണാഘോഷത്തിന്റെ മാറ്റ് കൂടിക്കൂടി വരികയാണെന്നതിൽ വളരെ സന്തോഷമുണ്ട്. ഇക്കാലത്തു് ഇത്രകേമമായി ഓണം കേരളത്തിൽ പോലും ആഘോഷിക്കുന്നുണ്ടോ എന്ന് സംശയമാണ്.

# പാചകം

## ലഡു

ജെയ്നി സുനീഷ്

ചേരുവകൾ

1. കടലമാവ് - 4 കപ്പ്
   വെള്ളം - 2 കപ്പ്
   മഞ്ഞക്കളർ - ഒരുനുള്ള്
2. എണ്ണ - 1/2 ലിറ്റർ
   നെയ്യ് - 250 ഗ്രാം
3. പഞ്ചസാര - 3 കപ്പ്
   വെള്ളം - 1 കപ്പ്
4. കർപ്പൂരം - ഒരുനുള്ള്
   ഗ്രാമ്പൂ - 4 എണ്ണം(പൊടിച്ചത്)
   ഏലയ്ക്ക - 5 എണ്ണം(പൊടിച്ചത്)
   ജാതിയ്ക്ക(പൊടിച്ചത്) - ഒരുനുള്ള്
   കശുവണ്ടി - 50 ഗ്രാം(ചെറുതായിമുറിച്ചത്)
5. ഉണക്കമുന്തിരി (കറുത്തത്)-25 എണ്ണം

പാവ് തയ്യാറാക്കുന്ന രീതി:

പഞ്ചസാരയിൽ ഒരു കപ്പു വെള്ളമൊഴിച്ച് ഉരുക്കി കയ്യിൽ ഒട്ടുന്ന പാകമാക്കി വെക്കുക.

ബൂന്തി ഉണ്ടാക്കുന്ന വിധം:

ഒന്നാമത്തെ ചേരുവകൾ ഇഡ്ഡലി പാകത്തിൽ കലക്കുക. രണ്ടാമത്തെ ചേരുവകൾ നല്ലവണ്ണം ചൂടാകുമ്പോൾ കണ്ണകലമുള്ള അരിപ്പക്കയിലിൽ കടലമാവ് കലക്കിയത് (ഒന്നാമത്തെ ചേരുവ) കുറേശ്ശെ ഒഴിച്ച് ബൂന്തിയുണ്ടാക്കി നേരത്തെ തയ്യാറാക്കിവച്ചിരിക്കുന്ന പാവിലേക്കിടുക. നാലാമത്തെ ചേരുവകൾ ചേർത്തിളക്കുക. ചൂടോടെ ഓരോ മുന്തിരി മുകളിൽവെച്ച് ഉരുട്ടിയെടുക്കുക. ഈ അളവിൽ ഏകദേശം 25 ലഡു ഉണ്ടാക്കാം.

# നാട്ടുവിശേഷങ്ങൾ

## രാജൻപിള്ള

ലോകപ്രസിദ്ധ വ്യവസായി രാജൻ പിള്ളയുടെ മരണത്തെകുറിച്ച് ഒരു ചലച്ചിത്രം നിർമ്മിക്കാൻ തിരുവനന്തപുരം ആസ്ഥാനമായുള്ള ഒരു നിർമ്മാണ കമ്പനി തീരുമാനിച്ചിരിക്കുന്നു. 'No..No..No' എന്ന് നാമകരണം ചെയ്തിട്ടുള്ള ഈ ചിത്രം ദില്ലി, മദ്രാസ്, കൊല്ലം എന്നീ സ്ഥലങ്ങളിൽ വെച്ച് ചിത്രീകരിക്കു താണ്.

## കേന്ദ്രാനുമതി

1300 കോടി മുതൽ മുടക്കി നിർമ്മിക്കാനുദ്ദേശിക്കുന്ന കായംകുളം താപനിലയത്തിന് കേന്ദ്രാനുമതി ലഭിച്ചിരിക്കുന്നു.

## പഞ്ചായത്ത് തിരഞ്ഞെടുപ്പ്

കേരളത്തിലെ പഞ്ചായത്തു തിരഞ്ഞെടുപ്പ് സെപ്റ്റംബർ 23, 25 തിയ്യതികളിൽ നടത്തുന്നതായിരിക്കും. ഇതിനായി 28300 പോളിങ്ങ് ബൂത്തുകൾ തയ്യാറാക്കേണ്ടിയിരിക്കുന്നു. വോട്ടെണ്ണൽ സെപ്റ്റംബർ 26-ാം തിയ്യതി ആരംഭിക്കും.

## പാൽക്കള്ള്

സോമപാനം എന്നപേരിൽ പാൽക്കള്ള് വിപണിയിലിറക്കാൻ മിൽമ തീരുമാനിച്ചിരിക്കുന്നു. പനീരും പാൽക്കട്ടിയും ഉല്പാദിപ്പിച്ചശേഷം ഉപേക്ഷിക്കുന്നവെവാട്ടർ പഞ്ചസാരലായനി ഉപയോഗിച്ച് ഫെർമെൻറഷൻ നടത്തുമ്പോൾ ഒന്നര ശതമാനം ആൾക്കഹോൾ ഉണ്ടാകുമെകിലും മുത്തങ്ങസത്ത് ചേർത്തുണ്ടാക്കുന്ന സോമപാനം ഉദരസംബന്ധമായ അസുഖങ്ങൾക്ക് ഔഷധമാണെന്ന് മിൽമയുടെ വാക്താവ് ചൂണ്ടിക്കാട്ടി. (പൊതുജനങ്ങളുടെ എതിർപ്പിനെ മാനിച്ച് ഈ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചതായി വിവരം ലഭിച്ചു.)

## സൂക്ഷിക്കുക

ആട്, തേക്ക്, മാഞ്ചിയം പദ്ധതികളെക്കുറിച്ച് പത്രപരസ്യം ചെയ്ത അഞ്ചു കമ്പനിക്കാരെ കാണാനില്ല. പോലീസ് നടത്തിയ അന്വേഷണത്തിലാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. ഈ കമ്പനികളുടെ പേരു വിവരം പക്ഷെ വെളിപ്പെടുത്തിയിട്ടില്ല. ചുരുങ്ങിയ കാലംകൊണ്ട് ഈ രംഗത്ത് ഉദിച്ചുയർന്ന കമ്പനികളുടെ പെരുപ്പം പോലീസിനെ അമ്പരപ്പിച്ചിരിക്കയാണ്. തൃപ്പൂണിത്തറ കേന്ദ്രമായുള്ള അളകനന്ദ ഗോട്ട് ഫാമിൻെറ മാനേജിങ്ങ് ട്രസ്റ്റിയേയും പന്നിയങ്കരയിലെ അക്ഷയ പ്രൊജക്ട്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ഒരു ഡയരക്ടറേയും കൊച്ചിയിലെ ഫ്ളോറ ആഗ്രോ പ്രൊജെക്റ്റ്സ് എന്ന സ്ഥാപനത്തിലെ രണ്ടു ഡയരക്ടർമാരേയും പോലീസ് ഇതിനകം അറസ്റ്റു ചെയ്തിട്ടുണ്ട്.

## വ്യവസായ പാർക്ക്

കളമശ്ശേരിയിൽ 400 കോടി മുതൽ മുടക്കി ഒരു വ്യവസായ പാർക്ക് ആരംഭിക്കുമെന്ന് കേന്ദ്ര വ്യവസായ മന്ത്രി കെ. കരുണാകരൻ പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുത പാർക്കിൽ 350-ൽ പരം കയറ്റുമതി പ്രാധാന്യമുള്ള വ്യവസായങ്ങൾ (വിദേശ പങ്കാളിത്തമുള്ള) ഉണ്ടായിരിക്കുന്നതാണ്. HMT - യുടേയും KINFRA (Kerala Industrial Infrastructure Development Corporation) - യുടേയും സംയുക്ത സംരംഭമാണ് ഇത്.

---

Edited & Published by:

Sankaranarayanan,
202 Nishi Tsunashima Green Heights,
6-9-1 Tsunashima Nishi,
Yokohama - 232, Japan

Tel: 045 546 9893 Fax: 045 313 2479
E-Mail: sanx@lakshmi.tdc.unisys.co.jp